# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5645 — 27.10.2011 ൽ മറുപടിയ്ക്ക്

### കൊച്ചി കോ-ഓപ്പറേറ്റീവ് മെഡിക്കൽ കോളേജിലെ പോരായ്മകൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ലൂഡി ലൂയിസ് | ശ്രീ. സി. എൻ. ബാലകൃഷ്ണൻ (സഹകരണ വകുപ്പ് മന്ത്രി) |
| (എ) കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കൊച്ചി കോ-ഓപ്പറേറ്റീവ് മെഡിക്കൽ കോളേജിലെ അപര്യാപ്തതകൾ ചൂണ്ടിക്കാണിച്ച് മെഡിക്കൽ വിദ്യാർത്ഥികൾ സമരം നടത്തിയിരുന്നുവോ; | (എ) സമരം നടത്തിയിരുന്നു |
| (ബി) ഈ പോരായ്മകൾ പരിശോധിച്ച് പരിഹരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്? | (ബി) സമരത്തിനുശേഷം കോളേജ് അധികൃതർ വിശദമായ അന്വേഷണം നടത്തുകയും യൂണിയൻ ഭാരവാഹികളോട് വിശദീകരണം ആവശ്യപ്പെടുകയും ചെയ്തപ്പോൾ അവരുടെ ആവശ്യങ്ങൾ രേഖാമൂലം അറിയിക്കുകയുണ്ടായി. അവർ ഉന്നയിച്ച ആവശ്യങ്ങളും അതിന്മേൽ സ്വീകരിച്ച നടപടികളും അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| | ആവശ്യം | സ്വീകരിച്ച നടപടി |
|---|---|---|
| 1 | അദ്ധ്യാപകരുടെ സ്ഥലംമാറ്റം കാരണം അവസാന വർഷ വിദ്യാർത്ഥികൾ അടക്കമുള്ള വിദ്യാർത്ഥികൾക്ക് രണ്ടാഴ്ച കാലത്തോളം ക്ലാസ്സ് നഷ്ടപ്പെടാനുണ്ടായ സാഹചര്യം | അദ്ധ്യാപകരുടെ സ്ഥലംമാറ്റം മൂലം ക്ലാസ്സുകൾ നഷ്ടപ്പെട്ടിട്ടില്ല. വിദ്യാർത്ഥികളുടെ സമരം മൂലം നഷ്ടപ്പെട്ട പ്രവൃത്തി ദിവസങ്ങൾ പിന്നീട് പരിഹരിക്കപ്പെട്ടിട്ടുണ്ട്. |
| 2 | ആശുപത്രിയുടേയും കോളേജിന്റേയും നടത്തിപ്പിനാവശ്യമായ തീരുമാനങ്ങളെടുക്കാനും സമയാസമയം നടപ്പിൽവരുത്താനും പ്രാപ്തിയുള്ള മെഡിക്കൽ ഡയറക്ടർ എന്ന പോസ്റ്റ് എടുത്തുമാറ്റിയ സാഹചര്യം | നിലവിലുണ്ടായിരുന്ന മെഡിക്കൽ ഡയറക്ടറെ സ്ഥലംമാറ്റിയ ഒഴിവിൽ പുതിയ മെഡിക്കൽ ഡയറക്ടറെ നിയമിക്കുകയുണ്ടായി |
| 3 | വിദ്യാർത്ഥികളുടെ വിവിധ ആവശ്യങ്ങൾക്കായി പ്രിൻസിപ്പാൾ അനുവദിച്ചാൽക്കൂടി, സ്റ്റുഡൻസ് യൂണിയൻ ഫണ്ട് അനുവദിക്കുകയോ ഉപയോഗപ്പെടുത്താതെയുമിരിക്കുക. | ഇപ്രകാരം ഒരു സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| 4 | കാലാകാലങ്ങളിൽ വിദ്യാർത്ഥികൾക്കു നൽകപ്പെട്ട വാഗ്ദാനങ്ങൾ പാലിക്കപ്പെടാതിരിക്കുക | വാഗ്ദാനങ്ങൾ പാലിക്കപ്പെടാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ